ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:12.09.2025

## പ്രധാനവാർത്തകൾ

1) ഇന്ത്യയുടെ പതിനഞ്ചാമത് ഉപരാഷ്ട്രപതിയായി സി പി രാധാകൃഷ്ണൻ സത്യപ്രതിജ്ഞ ചെയ്തു. രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു.

2) നഗര വികസനത്തിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഒരുമിച്ചു പ്രവർത്തിക്കുകയാണെന്ന് കേന്ദ്രമന്ത്രി മനോഹർലാൽ ഖട്ടർ. കേരളത്തിലെ നഗര വളർച്ചാനിരക്ക് ദേശീയ ശരാശരിയേക്കാൾ മുന്നിലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3) ഇന്ന് 172ാമത് ചട്ടമ്പി സ്വാമി ജയന്തി. കൊല്ലം പന്മന ആശ്രമത്തിൽ വിപുലമായ പരിപാടികൾ.

4) സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരത്തിനെതിനെതിരെ ജാഗ്രത ശക്തം. കോഴിക്കോട് മെഡിക്കൽ കോളേജിൽ 10 പേർ ചികിത്സയിൽ തുടരുന്നു.

5) പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് തിങ്കളാഴ്ച തുടക്കമാകും.

RNUTVPM

## 6) സംസ്ഥാനത്തെ ഉന്നതികളിൽ, സഞ്ചരിക്കുന്ന റേഷൻ കടകൾ ഉറപ്പാക്കണമെന്ന് ഭക്ഷ്യ കമ്മീഷൻ.

### ഉപരാഷ്ട്രപതി-സത്യപ്രതിജ്ഞ-(ഇൻട്രോ)

ഇന്ത്യയുടെ പതിനഞ്ചാമത് ഉപരാഷ്ട്രപതിയായി സി പി രാധാകൃഷ്ണൻ സത്യപ്രതിജ്ഞ ചെയ്തു. രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു.

( ഉപരാഷ്ട്രപതി വോയിസ്...)

പ്രധാനമന്ത്രി നരേന്ദ്ര മോദി, മുൻ രാഷ്ട്രപതി രാം നാഥ് കോവിന്ദ്, മുൻ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, കേന്ദ്രമന്ത്രിമാരായ അമിത് ഷാ, രാജ്നാഥ് സിംഗ്, ജെ പി നഡ്ഡ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

RNU TVPM

### സി പി രാധാകൃഷ്ണൻ ( ഇൻട്രോ )

ഈ മാസം 9ന് നടന്ന ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിൽ എൻഡിഎ സ്ഥാനാർഥിയായ സി പി രാധാകൃഷ്ണൻ 152 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് I.N.D.I. സഖ്യ സ്ഥാനാർത്ഥിയായ മുൻ സുപ്രീം കോടതി ജഡ്ജി ബി സുദർശൻ റെഡ്ഡിയെ പരാജയപ്പെടുത്തിയത്. ശ്രീ രാധാകൃഷ്ണന് 452 വോട്ടുകൾ ലഭിച്ചു. മഹാരാഷ്ട്ര

ഗവർണറായി സേവനമനുഷ്ഠിക്കവെയായിരുന്നു അദ്ദേഹം ഉപരാഷ്ട്രപതി സ്ഥാനത്തെത്തുന്നത്.

വിശദാംശങ്ങളിലേക്ക്...............

## സി പി രാധാകൃഷ്ണൻ (വോയിസ്)

തമിഴ്നാട്ടിലെ തിരുപ്പൂരിൽ ജനിച്ച സി പി രാധാകൃഷ്ണൻ വിദ്യാർത്ഥി നേതാവായാണ് രാഷ്ട്രീയ രംഗത്തെത്തുന്നത്. ആർഎസ്എസ് സംഘടനയിൽ സജീവമായി പ്രവർത്തിച്ചിരുന്നു. കോയമ്പത്തൂരിൽ നിന്ന് രണ്ടുതവണ അദ്ദേഹം ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ഝാർഖണ്ഡ്, തെലങ്കാന, മഹാരാഷ്ട്ര ഗവർണറായും പുതുച്ചേരി ലെഫ്റ്റനൻറ് ഗവർണറായും ശ്രീ രാധാകൃഷ്ണൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്നും ഉപരാഷ്ട്രപതിയാകുന്ന മൂന്നാമത്തെ വ്യക്തിയാണ് ശ്രീ രാധാകൃഷ്ണൻ. കർഷകനും വ്യവസായിയുമായ അദ്ദേഹത്തിന്റെ ആശയങ്ങളും സത്യസന്ധതമായ പൊതുജീവിതവും ഏറെ പ്രശംസ നേടിയിട്ടുണ്ട്.

ന്യൂസ്ഡെസ്ക് ആകാശവാണി......

RNUTVPM

## ഗ്യാൻ ഭാരതം

ന്യൂഡൽഹിയിൽ ഇന്ന് വൈകുന്നേരം നടക്കുന്ന ഗ്യാൻ ഭാരതം അന്താരാഷ്ട്ര സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. "കൈയെഴുത്തുപ്രതി പൈതൃകത്തിലൂടെ ഇന്ത്യയുടെ വിജ്ഞാന പാരമ്പര്യം വീണ്ടെടുക്കൽ" എന്ന വിഷയത്തിൽ ഇന്നലെയാണ് സമ്മേളനം ആരംഭിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

## ജിഎസ്ടി

പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങളുടെ ഭാഗമായി, അവശ്യവസ്തുക്കളെ ജിഎസ്ടിയിൽ നിന്ന് ഒഴിവാക്കി കേന്ദ്ര സർക്കാർ. പാൽ, ബ്രാൻഡ് ചെയ്യാത്ത അരി, ഗോതമ്പ്, പയർവർഗ്ഗങ്ങൾ തുടങ്ങിയ ഭക്ഷ്യവസ്തുക്കളെ ജിഎസ്ടിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. 33 ജീവൻ രക്ഷാ മരുന്നുകളുടെ നികുതി പൂർണ്ണമായും ഒഴിവാക്കാനുള്ള തീരുമാനം ആരോഗ്യ സംരക്ഷണ മേഖലയ്ക്ക് വലിയ ഊർജ്ജം പകരുമെന്നാണ് വിലയിരുത്തൽ.

RIJU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## അർബൻ കോൺക്ലേവ് (ഇൻട്രോ)

കേരളത്തിലെ നഗരവളർച്ചാനിരക്ക് ദേശീയ ശരാശരിയേക്കാൾ മുന്നിലാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേന്ദ്രവുമായി സഹകരിച്ച് നഗരവികസനത്തിനുള്ള വിവിധ പദ്ധതികളാണ് സർക്കാർ

നടപ്പാക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ ആദ്യ സമഗ്ര നഗരനയം രൂപീകരിക്കുന്നതിനുള്ള രണ്ട് ദിവസത്തെ അർബൻ കോൺക്ലേവ് കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു

മുഖ്യമന്ത്രി. സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികളും നഗര വികസനത്തിന്റെ ഭാഗമായി നടപ്പാക്കും. സാധാരണ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയാണ് സർക്കാർ ലക്ഷ്യമെന്നും ഉടൻ തന്നെ അതിദരിദ്രർ ഇല്ലാത്ത സംസ്ഥാനമായി കേരളം മാറുമെന്നും മുഖ്യമന്ത്രി അറിയിച്ചു. (ഹോൾഡ് വോയിസ്)

രാജ്യത്തെ മികച്ച നഗരങ്ങൾ വാർത്തെടുക്കുന്നതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഒരുമിച്ചു പ്രവർത്തിക്കുകയാണെന്ന് ചടങ്ങിൽ മുഖ്യതിഥിയായ കേന്ദ്ര നഗരകാര്യമന്ത്രി മനോഹർലാൽ ഖട്ടർ പറഞ്ഞു. ഇന്ത്യയിൽ ഏറ്റവും ദ്രുതഗതിയിൽ നഗരവത്കരണം നടക്കുന്ന ഏക സംസ്ഥാനമാണ് കേരളമെന്ന് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച മന്ത്രി എം ബി രാജേഷ് വ്യക്തമാക്കി.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## ചട്ടമ്പിസ്വാമി

ഇന്ന് ചട്ടമ്പി സ്വാമി ജയന്തി. ചട്ടമ്പി സ്വാമികളുടെ സമാധിസ്ഥാനമായ കൊല്ലം പന്മന ആശ്രമത്തിൽ 172-ാമത് ജയന്തി ആഘോഷങ്ങളോട് അനുബന്ധിച്ച് വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. ജയന്തിസമ്മേളനം

വാഴൂർ തീർത്ഥപാദാശ്രമം മഠാധിപതി സ്വാമി പ്രജ്ഞാനാനന്ദ തീർത്ഥപാദർ ഉദ്ഘാടനം ചെയ്തു. സഹജീവിസ്നേഹത്തോടെ ലോകശാന്തിയ്ക്കായി ജീവിതം നയിച്ച മഹാഗുരുവായിരുന്നു ചട്ടമ്പിസ്വാമികളെന്ന് അദ്ദേഹം പറഞ്ഞു.

## അമീബിക്

സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരത്തിനെതിനെതിരെ ജാഗ്രത തുടരുന്നു. നിലവിൽ മൂന്ന് കുട്ടികൾ ഉൾപ്പെടെ പത്ത് പേരാണ് കോഴിക്കോട് മെഡിക്കൽ കോളേജിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ചികിത്സയിൽ കഴിയുന്നത്. ചികിത്സയിലുള്ള എല്ലാവരുടേയും ആരോഗ്യ നില തൃപ്തികരമാണെന്ന് അധികൃതർ അറിയിച്ചു.

RNUTVPM

## നിയമസഭ

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് ഈ മാസം 15 ന് തുടക്കമാകും. ഒക്ടോബർ 10 വരെ 12 ദിവസം സഭ സമ്മേളിക്കും. ആദ്യ ദിനം, അന്തരിച്ച മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ, വാഴൂർ സോമൻ MLA എന്നിവർക്ക് അനുശോചനം അർപ്പിച്ച് സഭ പിരിയും.

## കെ എസ് ആർ ടി സി-മുഖ്യമന്ത്രി

കെഎസ്ആർടിസി പുരോഗതിയുടെ പാതയിൽ അതിവേഗം മുന്നേറുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സൗകര്യപ്രദവും സുരക്ഷിതവുമായ യാത്ര ഉറപ്പാക്കുന്നതിനായി നിരവധി നവീകരണ പ്രവർത്തനങ്ങളാണ് കെഎസ്ആർടിസിയിൽ നടത്തിയിട്ടുള്ളതെന്ന് അദ്ദേഹം പറഞ്ഞു. കെഎസ്ആർടിസിയുടെ ട്രാവൽ കാർഡ്, യുപിഐ പണമിടപാട് സൗകര്യം, ലൈവ് ട്രാക്കിംഗ് സംവിധാനം തുടങ്ങിയവയ്ക്ക് വൻ ജനപിന്തുണ ലഭിച്ചതായും ശ്രീ പിണറായി വിജയൻ സമൂഹമാധ്യമത്തിൽ കുറിച്ചു.

RNU TVPM

## പിപി തങ്കച്ചൻ

നിയമസഭ മുൻ സ്പീക്കറും മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന പി പി തങ്കച്ചന്റെ നിര്യാണത്തിൽ അനുശോചിച്ച് രാഷ്ട്രീയ കേരളം. സംസ്കാരം നാളെ ഉച്ചയ്ക്ക് ശേഷം നെടുമ്പാശ്ശേരി ഷാബോർ അഫ്രേത്ത് യാക്കോബായ സുറിയാനി കത്തീഡ്രലിൽ നടക്കും. 1995ൽ എ കെ ആന്റണി മന്ത്രിസഭയിൽ കൃഷി മന്ത്രിയായി. 1991 മുതൽ 95 വരെ സ്പീക്കറായും പ്രവർത്തിച്ചു.

## സംസ്ഥാന ഭക്ഷ്യ കമ്മീഷൻ

സംസ്ഥാനത്തെ ഉന്നതികളിൽ, സഞ്ചരിക്കുന്ന റേഷൻ കടകൾ ഉറപ്പാക്കണമെന്ന് സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർപേഴ്സൺ. ഭക്ഷ്യവസ്തുക്കൾക്കായി ഉന്നതികളിൽ നിന്നും കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടി വരുന്നതായി ശ്രദ്ധയിൽപെട്ടതിനെ തുടർന്നാണ് നിർദേശം. കമ്മീഷന്റെ നേതൃത്വത്തിലുള്ള സംഘം കാസർഗോഡ് വെള്ളരിക്കുണ്ട് താലൂക്കിലെ വിവിധ ഗോത്ര വർഗ്ഗ മേഖലകൾ സന്ദർശിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**അഷ്ടമിരോഹിണി**

പ്രസിദ്ധമായ ആറന്മുള അഷ്ടമിരോഹിണി വള്ളസദ്യ മറ്റന്നാൾ നടക്കും. രാവിലെ മന്ത്രി വി എൻ വാസവൻ വള്ളസദ്യ ഉദ്ഘാടനം ചെയ്യും. അഷ്ടമിരോഹിണിയോട് അനുബന്ധിച്ച് സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ പ്രത്യേക പൂജകളുണ്ടാകും.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**പാലക്കാട് -(ഇൻട്രോ)**

പാലക്കാട് ജില്ലയിലെ വനാതിർത്തികളിൽ, വന്യമൃഗങ്ങൾ ജനവാസ മേഖലയിൽ എത്തുന്നത് തടയാൻ സൗരോർജ്ജ തൂക്കു വേലി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്............***

*(വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

**ഓഹരി +സ്വർണ്ണ വില**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 401 പോയിന്റ് ഉയർന്ന് 82,943 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 120 പോയിന്റ് നേട്ടത്തിൽ 25,126 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണ വില കൂടി. പവന് 560 രൂപ കൂടി 81,600 രൂപയും ഗ്രാമിന് 10,200 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**ക്രിക്കറ്റ് ലീഗ്**

കേരള പത്ര പ്രവർത്തക യൂണിയന്റെ നേതൃത്വത്തിൽ വയനാട് പ്രസ് ക്ലബ് സംഘടിപ്പിക്കുന്ന അദാനി ടിവാൻഡ്രം റോയൽസ് ജേർണലിസ്റ്റ് ക്രിക്കറ്റ് ലീഗ് മൂന്നാം സീസണ് തുടക്കമായി. വിവിധ പ്രസ് ക്ലബ് ടീമുകൾ ടീമുകൾ മാറ്റുരക്കും. ഉച്ചക്ക് ശേഷം പ്രിയങ്ക ഗാന്ധി എം.പി ഉദ്ഘാടനം നിർവഹിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**എം . കെ . മുനീർ**

ദേഹാസ്വാസ്ഥ്യത്തെ തുടർന്ന് കോഴിക്കോട് ആശുപത്രിയിൽ പ്രവേശിപ്പിച്ച എം.കെ. മുനീർ എംഎൽഎയുടെ ആരോഗ്യനിലയിൽ പുരോഗതിയെന്ന് മെഡിക്കൽ ബുള്ളറ്റിൻ. അദ്ദേഹത്തെ ചികിൽസിക്കുന്ന ഡോക്ടറുമായി മന്ത്രി വീണാ ജോർജ്ജ് ഇന്നലെ ഫോണിൽ സംസാരിച്ചു.

## സിപിഐ സംസ്ഥാന സമ്മേളനം

ആലപ്പുഴ നടക്കുന്ന സിപിഐ സംസ്ഥാന സമ്മേളനം ഇന്ന് സമാപിക്കും. വൈകിട്ട് ആലപ്പുഴ ബീച്ചിൽ നടക്കുന്ന പൊതുസമ്മേളനം പാർട്ടി ജനറൽ സെക്രട്ടറി ഡി രാജ ഉദ്ഘാടനം ചെയ്യും. സമാപനത്തിന്റെ ഭാഗമായി റെഡ് വളണ്ടിയർ പരേഡും റാലിയും ഉണ്ടാകും.

RNU TVPM